T.C: 038

014/DD/21

| Register Number | | | | | | | | | |
|---|---|---|---|---|---|---|---|---|---|

## DEPARTMENTAL EXAMINATIONS

## TRANSLATION TEST – SECOND PAPER – TRANSLATION OF NEWS PAPER REPORT IN MALAYALAM TO ENGLISH

(Without Books)

Maximum Time : 2.30 hours

Maximum Marks : 100

**Answer ALL questions.**

**(5 × 20 = 100)**

1. Translate into English :

ചെന്നൈ : നികുതിവെട്ടിപ്പ് തടയുന്ന സേനയിലെ വനിതാ സബ്-ഇൻസ്പെക്ടർക്ക് മർദ്ദനമേറ്റു. മുൻവൈരാഗ്യത്തിന്റെ പേരിൽ ആണ് രണ്ടു ദിവസം മുൻപ് മുപ്പത്തി ഏഴ് വയസ്സുള്ള അക്രമി യുവതിയെ മർദ്ദിച്ചത്. സി.സി.ടി.വി. ക്യാമറയിൽ പതിഞ്ഞ ദൃശ്യങ്ങൾ സോഷ്യൽ മീഡിയകളിൽ വൈറലായി.

പോലീസ് പറയുന്നത് പ്രകാരം രണ്ടായിരത്തി നാല് ബാച്ചിലെ ജയന്തി ശ്രീനിവാസൻ (മുപ്പത്തിനാല്) ആണ് മർദ്ദനത്തിനു ഇരയായത്. മേലെകൊട്ടിയൂരുള്ള പോലീസ് ക്വാർട്ടേഴ്‌സിന്റെ താഴത്തെ നിലയിലാണ് ഇവർ താമസിച്ചിരുന്നത്. പോലീസിൽ നിന്നും വിരമിച്ച സബ്-ഇൻസ്പെക്ടറുടെ മകനായ വെങ്കിടേശനാണ് മുകൾനിലയിൽ താമസിച്ചിരുന്നത്.

പോലീസിന്റെ വിശദീകരണപ്രകാരം ഇവർ രണ്ടുപേരും തമ്മിൽ വ്യക്തിപരമായ വിരോധം ഉണ്ടായിരുന്നു. പരസ്പരം വഴക്കിടുന്നതും പതിവായിരുന്നു. രണ്ടു ദിവസം മുൻപ് ഇത് ശക്തമാകുകയും വനിതാഓഫീസറെ ശാരീരികമായി ആക്രമിക്കുകയും ചെയ്തു.

2. Translate into English :

തിരുമങ്കൈ ആഴ്‌വാരുടെ പ്രതിമ വിട്ടുകിട്ടാനുള്ള നടപടികൾക്കായി പ്രത്യേക പോലീസ് സംഘം, ബ്രിട്ടനിലെ ഇന്ത്യൻ ഹൈക്കമീഷണറുടെ ഓഫീസ് മുഖാന്തിരം നടപടികൾ തുടങ്ങി. അരനൂറ്റാണ്ട് മുമ്പ് കാണാതായ വെങ്കലപ്രതിമ, 16-ാം നൂറ്റാണ്ടിൽ നിർമ്മിക്കപ്പെട്ടതായി കരുതപ്പെടുന്നു.
1967 ൽ സോത്ത്ബേയിലെ ആഷമോളിയൻ മ്യൂസിയം വാങ്ങിയ ഈ പ്രതിമ 2019 നവംബറിലാണ് ഒരു സ്വതന്ത്രഗവേഷകന്റെ ശ്രദ്ധയിൽപ്പെടുന്നത്. IFP-EFEO, ഇൻസ്റ്റിറ്റ്യൂട്ട് ഫ്രാൻകാസ് ദ പോണ്ടിച്ചേരിയും ഇക്കോളേ ദ എക്സ്ട്രീം ഓറിയന്റുമായി ചേർന്ന് നടത്തിയ ഫോട്ടോഗ്രാഫി പ്രദർശനത്തിൽ ഈ വിഗ്രഹത്തിന്റെ ചിത്രം കണ്ടതോടെയാണ് സംശയം ഉയർന്നത്. 1957 ൽ കുംഭകോണത്തിന് സമീപമുള്ള സൗന്ദരരാജ പെരുമാൾ ക്ഷേത്രത്തിൽ തിരുമങ്കൈ ആഴ്‌വാരുടെ സമാനമായ പ്രതിമയുണ്ടായിരുന്നതായി പറയപ്പെടുന്നു. ഇതാണ് ഇപ്പോഴത്തെ ഔദ്യോഗിക നീക്കത്തിന് കാരണമായത്.

[Turn over

3. Translate into English :

ജെറുസലേം : പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിനെതിരെയുള്ള അഴിമതി കേസിന്റെ വിചാരണ മാർച്ച് പതിനേഴിന് ആരംഭിക്കും. രണ്ടാഴ്ചയ്ക്ക് ശേഷം ഇസ്രായേലിലെ മൂന്നാമത് ദേശീയ തെരഞ്ഞെടുപ്പ് നടക്കാനിരിക്കെയാണ് ഈ നടപടിയെന്നു ചൊവ്വാഴ്ച നിയമ മന്ത്രാലയം അറിയിച്ചു.

എന്നാൽ തനിക്ക് എതിരെയുള്ള എല്ലാ കുറ്റാരോപണങ്ങളും ഇസ്രായേലിന്റെ ആദ്യത്തെ പ്രധാനമന്ത്രിയായ നെതന്യാഹു നിഷേധിച്ചു. തനിക്കെതിരെയുള്ള മൂന്നു അഴിമതി കേസുകളിലും തെറ്റായിട്ട് ഒന്നും പ്രവർത്തിച്ചിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു.

വലതുപക്ഷ ലിക്വിഡ പാർട്ടിയുടെ തലവനായ നെതന്യാഹു രാഷ്ട്രീയജീവിതത്തിലെ നിർണ്ണായകമായ പോരാട്ടത്തിൽ ഏർപ്പെടുമ്പോൾ ആണ് ഈ നിയമപോരാട്ടമെന്നത് ശ്രദ്ധേയമാണ്. ഏപ്രിലിലും സെപ്തംബറിലും നടക്കാനിരിക്കുന്ന തെരഞ്ഞെടുപ്പ് പോരാട്ടങ്ങളും നെതന്യാഹുവിന് മുൻപിൽ വെല്ലുവിളി ഉയർത്തുന്നുണ്ട്.

4. Translate into English :

ആയിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി അഞ്ചിൽ ഓസ്ട്രേലിയൻ ഓപ്പൺ കിരീടം നേടുമ്പോൾ മേരി പിയെഴ്സിന് ഇരുപതു വയസ്സായിരുന്നു. ഏഴ് റൌണ്ടുകളായി കേവലം മുപ്പതു കളികൾ കളിച്ച പരിചയം മാത്രമേ അവർക്ക് ഉണ്ടായിരുന്നുള്ളൂ.

തനിക്ക് ഏറ്റവും പ്രിയപ്പെട്ട ഗ്രാൻഡ് സ്ലാം പാരീസിലെ റോളാണ്ട് ഗാരോസിൽ നേടുന്നതും അഞ്ചു വർഷത്തിൽ കൂടുതൽ മാത്രമുള്ള കളിജീവിതത്തിൽ ആണ്. ആയിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി നാലിൽ ഫ്രഞ്ച് ഓപ്പണിൽ വിജയിക്കാൻ പിയെഴ്സിനു കഴിഞ്ഞിരുന്നില്ല. ഫൈനലിൽ സ്റ്റെഫി ഗ്രാഫിനോട് പരാജയപ്പെടുമ്പോൾ പത്തു കളികളിനായി 6-2, 6-2 പോയിന്റ് നേടിയിരുന്നു അവർ.

5. Translate into English :

ന്യൂ ദൽഹി : നവംബർ രണ്ടു മുതൽ ഇരുപതു വരെ നടക്കുന്ന പതിനേഴ് വയസ്സിന് താഴെയുള്ള വനിതകളുടെ ലോകകപ്പ് ഫുട്ബോൾ മത്സരത്തിന് ആവശ്യമെങ്കിൽ പുതിയൊരു സ്ഥലം കൂടി കണ്ടെത്താൻ ഇന്ത്യക്ക് കഴിയും. പരമ്പരാഗതമായി നാല് വേദികളിൽ ആണ് മത്സരം നടക്കുക.

അന്തർദ്ദേശീയ ഫുട്ബോൾ അസോസിയേഷൻ ഭാരവാഹി സാറേയ് ബർമൻ ചൊവ്വാഴ്ച അറിയിച്ചതാണ് ഇക്കാര്യം. വനിതാ ലോകകപ്പ് മത്സരങ്ങളുടെ ചുമതലയും ഇവർക്കാണ്. ഇന്ത്യയിലെ ഈ മത്സരം പുതിയൊരു ചുവടുവെപ്പാണെന്നും അവർ പറഞ്ഞു.

ഗുവഹാത്തി, ഭുവനേശ്വർ, കൊൽക്കത്ത, അഹമ്മദാബാദ്, നവി മുംബൈ എന്നിവടങ്ങളിൽ ആണ് മത്സരങ്ങൾ നടക്കുക. ഫൈനൽ മത്സരം നവി മുംബൈയിൽ ആയിരിക്കും.

ഫുട്ബോൾ കളിക്ക് വളരാനും വികസിക്കാനുമുള്ള അതിരുകളില്ലാത്ത ശക്തിയും സാധ്യതയും ഇന്ത്യയിലുണ്ട്. കൂടാതെ നിർവ്വചിക്കാൻ കഴിയാത്തവിധത്തിൽ ഇന്ത്യയിലുള്ളവർ ഫുട്ബോളിനെ സ്നേഹിക്കുന്നുവെന്നും അവർ പറഞ്ഞു.

---